"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് - ജീവനക്കാര്യം - സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം - എക്സൈസ് വകുപ്പിൽ അടൂർ എക്സൈസ് സർക്കിൾ ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി നോക്കിവരവേ മരണപ്പെട്ട സോമൻ. എ. റ്റി-യുടെ മകൻ ശ്രീ. അനിൽജിത്ത്. എസ്. റ്റി-ക്ക് സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.112/2025/TAXES തീയതി,തിരുവനന്തപുരം,21-12-2025

---

പരാമർശം:-
1. 24.05.1999-ലെ സ.ഉ.(പി) നം.12/99/പി.&എ.ആർ.ഡി
2. ശ്രീ. അനിൽജിത്ത്. എസ്. റ്റി 31.10.2024-ൽ സമർപ്പിച്ച അപേക്ഷ
3. എക്സൈസ് കമ്മീഷണറുടെ 07.01.2025, 17.11.2025 തീയതികളിലെ EXC/6162/2024-XM7 നമ്പർ കത്തുകൾ
4. പത്തനംതിട്ട ജില്ലാകളക്ടറുടെ 24.05.2025-ലെ DCPTA/1036/2025-S4 നമ്പർ കത്ത്

**ഉത്തരവ്**

എക്സൈസ് വകുപ്പിൽ അടൂർ എക്സൈസ് സർക്കിൾ ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി നോക്കിവരവേ 27.09.2023- ന് മരണപ്പെട്ട സോമൻ. എ. റ്റി-യുടെ മകൻ ശ്രീ. അനിൽജിത്ത്. എസ്. റ്റി സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം പത്തനംതിട്ട ജില്ലയിൽ സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3)-ലെ 07.01.2025-ലെ കത്ത് പ്രകാരം എക്സൈസ് കമ്മീഷണർ ശിപാർശ ചെയ്ത് സമർപ്പിച്ചിരുന്നു.

2) 21.11.2006-ൽ സർവ്വീസിൽ പ്രവേശിച്ച ശ്രീ. സോമൻ.എ. റ്റി 27.09.2023-ൽ മരണപ്പെട്ടു. സർവ്വീസ് സർട്ടിഫിക്കറ്റ് പ്രകാരം ടിയാന് 16 വർഷത്തേയും 10 മാസത്തേയും 6 ദിവസത്തേയും സേവന ദൈർഘ്യം എക്സൈസ്

വകുപ്പിലുണ്ട്. മരണപ്പെട്ട സർക്കാർ ജീവനക്കാരന്റെ കുടുംബാംഗങ്ങളിൽ ആരും തന്നെ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ഇതിനോടകം പ്രയോജനപ്പെടുത്തിയിട്ടില്ലായെന്ന് പത്തനംതിട്ട ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അടൂർ തഹസിൽദാർ നൽകിയിട്ടുള്ള റിപ്പോർട്ട് പ്രകാരം ശ്രീമതി. കൃഷ്ണകുമാരി.സി, ശ്രീ. അൽജിത്ത്. എസ്. റ്റി, ശ്രീ. അനിൽജിത്ത്. എസ്. റ്റി എന്നിവർ സോമൻ. എ. റ്റി-യുടെ നിയമാനുസരണമുള്ള അനന്തരാവകാശികളെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാരന്റെ മറ്റ് അവകാശികൾ ശ്രീ. അനിൽജിത്ത്. എസ്. റ്റി-ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് സമ്മതപത്രവും നൽകിയിട്ടുണ്ട്. ശ്രീ. അനിൽജിത്ത്. എസ്. റ്റി-യുടെ ജനനതീയതി **06.04.2004** ആണ്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്ന വേളയിൽ അപേക്ഷകന് **21** വയസ് പൂർത്തിയായിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്ന സമയം കുടുംബത്തിന്റെ വാർഷിക വരുമാനം **2,80,000/-** രൂപയാണ്. ആയത് സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ വരുമാന പരിധിയിലാണ്. ശ്രീ. അനിൽജിത്ത്. എസ്. റ്റി മരണപ്പെട്ട ശ്രീ. അനിൽജിത്ത്. എസ്. റ്റി-യുടെ ആശ്രിതനായിരുന്നുവെന്ന് അടൂർ തഹസിൽദാർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് അപേക്ഷകൻ ഹാജരാക്കിയിട്ടുള്ളതാണ്. പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകളെല്ലാം തന്നെ ഈ അപേക്ഷയിൽ പാലിച്ചിട്ടുണ്ട്. ടി അപേക്ഷ എക്സൈസ് കമ്മീഷണറും പത്തനംതിട്ട ജില്ലാ കളക്ടറും ശിപാർശ ചെയ്തിട്ടുമുണ്ട്.

3) അപേക്ഷകൻ **SSLC, Plus 2** പാസ്സായിട്ടുണ്ട്. ആയതിനാൽ ശ്രീ. അനിൽജിത്ത്. എസ്. റ്റി-ക്ക് പത്തനംതിട്ട ജില്ലയിൽ സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) തസ്തികയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ടിയാന് പി.എസ്.സി നിശ്ചയിച്ചിട്ടുള്ള യോഗ്യതയായ **Physical Measurements, Endurance Test , Physical Efficiency Test** എന്നിവ നടത്തി ടി തസ്തികയിൽ നിയമിക്കുന്നതിനായി ടിയാൻ ശാരീരികവും വിദ്യാഭ്യാസപരമായും യോഗ്യയാണോ എന്നും ടിയാന് നിയമനം നൽകുന്നതിനുള്ള ഒഴിവുണ്ടോ എന്നും പരിശോധിച്ച് റിപ്പോർട്ട്

സമർപ്പിക്കുന്നതിന് എക്സൈസ് കമ്മീഷണർക്ക് നിർദേശം നൽകുകയും അതിൻപ്രകാരം പരാമർശം (3)-ലെ 17.11.2025-ലെ കത്ത് പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീ. അനിൽജിത്ത്. എസ്. റ്റി-ക്ക് സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) തസ്തികയിൽ നിയമനം നൽകുന്നതിനായി ടിയാൻ ശാരീരികവും വിദ്യാഭ്യാസപരമായും യോഗ്യനാണെന്ന് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. അപേക്ഷകൻ പത്തനംതിട്ട ജില്ലയിലാണ് നിയമനം ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ ഒഴിവുകളുള്ളത് ഏത് ജില്ലയിലാണെന്ന് എക്സൈസ് കമ്മീഷണർ വ്യക്തമാക്കിയിട്ടില്ല.

4) മേൽ സാഹചര്യത്തിൽ എക്സൈസ് വകുപ്പിൽ അടൂർ എക്സൈസ് സർക്കിൾ ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി നോക്കിവരവേ 27/09/2023- ന് മരണപ്പെട്ട സോമൻ. എ. റ്റി-യുടെ മകൻ ശ്രീ. അനിൽജിത്ത്. എസ്. റ്റി-ക്ക് (താന്നിവിള മേലേതിൽ, കുരുമ്പാല സൗത്ത് പി.ഒ, പന്തളം, പത്തനംതിട്ട, 689501) ആശ്രിത നിയമന പദ്ധതി പ്രകാരം എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) തസ്തികയിൽ പത്തനംതിട്ട ജില്ലയിൽ ഒഴിവുള്ള പക്ഷം ടി ജില്ലയിലും അല്ലാത്തപക്ഷം പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 28 പ്രകാരം മറ്റേതെങ്കിലും ജില്ലയിൽ നിയമനം നൽകാവുന്നതും പത്തനംതിട്ട ജില്ലയിൽ ഒഴിവുണ്ടാകുന്ന സമയത്ത് ടിയാന് ടിയാന്റെ സീനിയോറിറ്റി നഷ്ടമാവാതെ പത്തനംതിട്ട ജില്ലയിലേക്ക് നിയമനം നൽകുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

5) അപേക്ഷകന്റെ പ്രായം, വിദ്യാഭ്യാസ യോഗ്യത, സ്വഭാവം, പൂർവ്വ ചരിത്രം, വൈദ്യ പരിശോധനാ റിപ്പോർട്ട് തുടങ്ങിയവ ഓരോ ജില്ലയിലും ഒരു വർഷം ഉണ്ടാകുന്ന ഒഴിവുകളുടെ 10% മാത്രമേ സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിനായി മാറ്റി വയ്ക്കാവൂ എന്ന നിലവിലുള്ള ചട്ടങ്ങൾ പ്രകാരം പരിശോധിച്ച ശേഷം എക്സൈസ് കമ്മീഷണർ ശ്രീ. അനിൽജിത്ത്. എസ്. റ്റി-ക്ക് നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതും, നിയമന ഉത്തരവിന്റെ പകർപ്പ് സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതുമാണ്.

6) ശ്രീ. അനിൽജിത്ത്. എസ്. റ്റി-ക്ക് നിയമനം നൽകിയ വിവരം പരേതന്റെ സർവ്വീസ് ബുക്കിലും പരേതന്റെ സർവ്വീസിന്റെ അവസാനകാലഘട്ടത്തിൽ

ജോലി നോക്കിയിരുന്ന ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതും, ആയത് ഓഫീസ്/വകപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കൂടാതെ ആശ്രിത നിയമന അപേക്ഷയ്ക്കൊപ്പം സമർപ്പിക്കുന്ന സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്നപക്ഷം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിക്കുന്നതിനുള്ള സമ്മതപത്രം അപേക്ഷകന്റെ പക്കൽ നിന്ന് നിയമനാധികാരി വാങ്ങി സൂക്ഷിക്കേണ്ടതാണ്.

7) അപേക്ഷ സമർപ്പിച്ച സമയത്തോ, വകുപ്പുതല അന്വേഷണം നടത്തിയ സമയത്തോ അപേക്ഷകൻ വസ്തുതകൾ തെറ്റിദ്ധരിപ്പിച്ചിട്ടുള്ളതായോ മറച്ചുവച്ചിരുന്നതായോ പിന്നീടുള്ള പരിശോധനയിൽ ബോദ്ധ്യപ്പെടുകയാണെങ്കിലോ നിയമനാനുമതി നൽകിയ ശേഷമുള്ള പരിശോധനയിൽ എന്തെങ്കിലും കാരണത്താൽ ടിയാന് നിയമന ഉത്തരവ് തെറ്റായിട്ടാണ് പുറപ്പെടുവിച്ചതെന്ന് കാണുകയോ ചെയ്താൽ മുൻകൂട്ടി അറിയിക്കാതെ നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
അഡിഷണൽ സെക്രട്ടറി

1. ശ്രീ. അനിൽജിത്ത്. എസ്. റ്റി-ക്ക് (താന്നിവിള മേലേതിൽ, കുരുമ്പാല സൗത്ത് പി.ഒ, പന്തളം, പത്തനംതിട്ട, 689501) **(By registered post with AD)**
2. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
3. അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണ വകുപ്പ്
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ), തിരുവനനന്തപുരം, കേരളം
5. ജില്ലാ കളക്ടർ, പത്തനംതിട്ട
6. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. പൊതു ഭരണ (സർവ്വീസസ് - ഡി) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/198/2025/നികുതി

ഉത്തരവിൻ പ്രകാരം
Signed by
Hemalatha Das
Date: 22-12-2025 09:01:11
സെക്ഷൻ ഓഫീസർ